# പ്രധാനവാർത്ത

1. നിയമസഭ തിരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പ് സമയം പൂർത്തിയായപ്പോൾ സംസ്ഥാനത്ത് കനത്ത പോളിങ്ങ്. അഞ്ച് മണിവരെ വോട്ട് രേഖപ്പെടുത്തിയത് 75 ശതമാനം പേർ. വോട്ടെടുപ്പ് പൊതുവേ സമാധാനപരം.

2. ഏറ്റവും കൂടുതൽ പോളിങ്ങ് കോഴിക്കോട് ജില്ലയിൽ. പത്തനംതിട്ട ജില്ലയിലാണ് വോട്ടിങ്ങ് ഏറ്റവും കുറവ്. പോളിങ്ങ് ശതമാനത്തിൽ മുന്നിലെത്തി കുന്നത്തുനാട് മണ്ഡലം.

RNUTVPM

3. നിയമസഭ തിരഞ്ഞെടുപ്പ് നടന്ന പുതുച്ചേരിയിൽ 87 ശതമാനവും അസമിൽ 84.42 ശതമാനവും പോളിങ്ങ്. വോട്ടെണ്ണൽ മെയ് നാലിന്.

4. രാജ്യത്ത് ഗാർഹിക എൽപിജി വിതരണം പൂർണ തോതിൽ ഉറപ്പാക്കി വരുന്നതായി പെട്രോളിയം മന്ത്രാലയം. അവശ്യ മരുന്നുകളുടെ

**തടസ്സരഹിതമായ വിതരണം ഉറപ്പാക്കിയതായി ഫാർമസ്യൂട്ടിക്കൽ വകുപ്പ്.**

5. **മേടം, വിഷുപൂജകൾക്കായി ശബരിമല ക്ഷേത്രനട നാളെ തുറക്കും.**

6. **ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് ലഖ്നൗ സൂപ്പർ ജയന്റ്സിനെ നേരിടും**

*******************************

## തിരഞ്ഞെടുപ്പ് - സംസ്ഥാനം (ഇൻട്രോ)

നിയമസഭ തിരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പ് സമയം പൂർത്തിയായപ്പോൾ സംസ്ഥാനത്ത് കനത്ത പോളിങ്. 5 മണി വരെയുള്ള കണക്കുകൾ പ്രകാരം 75 ശതമാനം പോളിങ് രേഖപ്പെടുത്തി. വോട്ടെടുപ്പ് പൊതുവേ സമാധാനപരമായിരുന്നു. ഔദ്യോഗിക സമയം വൈകുന്നേരം ആറു മണിയോടെ പൂർത്തിയായെങ്കിലും ക്യൂവിൽ തുടരുന്ന എല്ലാവർക്കും ടോക്കൺ നൽകി, വോട്ട് ചെയ്യാൻ അവസരമൊരുക്കിയിട്ടുണ്ട്. രാവിലെ 7 മണിക്കാണ് പോളിങ് ആരംഭിച്ചത്. വേനൽച്ചൂടിനെ അവഗണിച്ചും വോട്ടർമാരുടെ നീണ്ട നിരയാണ് മിക്ക ബൂത്തുകളിലും ദൃശ്യമായത്. ഇത് വരെയുള്ള കണക്കുകൾ പ്രകാരം കോഴിക്കോട്, എറണാകുളം, പാലക്കാട് ജില്ലയിലാണ് ഏറ്റവും കൂടുതൽ പോളിങ് രേഖപ്പെടുത്തിയിരിക്കുന്നത്. മൂന്ന്

RNU TVPM

ജില്ലകളിലും പോളിങ്ങ് 5 മണിയോടെ 77 ശതമാനം പിന്നിട്ടു. മലപ്പുറത്ത് 75.7 ശതമാനമാണ് പോളിങ്ങ്. 69 ശതമാനം പേർ മാത്രം വോട്ട് രേഖപ്പെടുത്തിയിരിക്കുന്ന പത്തനംതിട്ട ജില്ലയിലാണ് പോളിങ്ങ് ഏറ്റവും കുറവ്. തിരുവനന്തപുരം, ആലപ്പുഴ, ഇടുക്കി, തൃശൂർ, കണ്ണൂർ, വയനാട്, കാസർഗോഡ് ജില്ലകളിൽ പോളിങ്ങ് 74 ശതമാനത്തിന് മുകളിലാണ്. കൊല്ലത്ത് 73.48 ശതമാനവും, കോട്ടയത്ത് 72.18 ശതമാനവും പോളിങ്ങ് 5 മണി വരെ രേഖപ്പെടുത്തി. കുന്നത്തുനാട്, ചിറ്റൂർ, കുന്നമംഗലം, അരൂർ മണ്ഡലങ്ങളിലാണ് ഇതുവരെ ഏറ്റവും കൂടുതൽ പോളിങ്ങ് രേഖപ്പെടുത്തിയത്. പോളിങ്ങ് ഏറ്റവും കുറവ് കടുത്തുരുത്തി, റാന്നി, തിരുവല്ല മണ്ഡലങ്ങളിലാണ്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി....**

**(വോയ്സ്)**

RNU TVPM

*********************************

## വിശദാംശങ്ങൾ - സംസ്ഥാനം

സംസ്ഥാനത്തെ പോളിങ്ങ് ശതമാനം സംബന്ധിച്ച അന്തിമ കണക്കുകൾ വരും മണിക്കൂറിൽ അറിയാനാകും. വോട്ടെടുപ്പ് പൊതുവേ സമാധാനപരമായിരുന്നുവെന്നും അനിഷ്ട സംഭവങ്ങളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും

മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു ഖേൽക്കർ മാധ്യമങ്ങളോട് പറഞ്ഞു. 2021 ലെ നിയമസഭ തിരഞ്ഞെടുപ്പിൽ സംസ്ഥാനത്ത് 76 ആയിരുന്നു വോട്ടിങ്ങ് ശതമാനം. കേരളത്തിൽ വോട്ടെണ്ണൽ മെയ് നാലിനാണ്. 140 നിയമസഭ മണ്ഡലങ്ങളിലായി 883 സ്ഥാനാർത്ഥികളാണ് ഇക്കുറി ജനവിധി തേടുന്നത്.

*******************************

## കണ്ണൂർ (ഇൻട്രോ)

കണ്ണൂർ ജില്ലയിൽ പോളിംഗ് പൊതുവേ സമാധാനപരമായിരുന്നു. 11 നിയോജക മണ്ഡലങ്ങളിലും മികച്ച പോളിംഗ് ആണ് രേഖപ്പെടുത്തിയത്. മട്ടന്നൂർ, തളിപ്പറമ്പ്, പയ്യന്നൂർ, ധർമടം മണ്ഡലങ്ങളിലാണ് ജില്ലയിൽ ഏറ്റവും കൂടുതൽ പോളിങ്ങ്.

RNU TVPM

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.**

**(വോയ്സ്)**

*******************************

## പാലക്കാട് (ഇൻട്രോ)

പാലക്കാട് ജില്ലയിൽ ചിറ്റൂർ , മലമ്പുഴ, പാലക്കാട് മണ്ഡലങ്ങളിലാണ് കൂടുതൽ പോളിംഗ് രേഖപ്പെടുത്തിയിരി ക്കുന്നത്. ജില്ലയിലെ 12 മണ്ഡലങ്ങളിലും ഇതുവരെയുള്ള കണക്കനുസരിച്ച് പോളിംഗ് ശതമാനം 75 പിന്നിട്ടിട്ടുണ്ട്.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.....**

**(വോയ്സ്)**

********************************

## കോട്ടയം (ഇൻട്രോ)

കോട്ടയം ജില്ലയിൽ വൈക്കം മണ്ഡലത്തിലാണ് ഏറ്റവും കൂടുതൽ പോളിങ്ങ് രേഖപ്പെടുത്തിയിരിക്കുന്നത്. ഏറ്റുമാനൂർ, പൂഞ്ഞാർ മണ്ഡലങ്ങളിൽ 73 ശതമാനത്തിന് മുകളിലും, കോട്ടയം, പാല, കാഞ്ഞിരപ്പള്ളി മണ്ഡലങ്ങളിൽ 72 ശതമാനത്തിന് മുകളിലുമാണ് വോട്ടിങ്ങ് നിരക്ക്. **ആകാശവാണി കോട്ടയം ജില്ലാ പ്രതിനിധി ദേവിക എസ് നായർ തയ്യാറാക്കിയ റിപ്പോർട്ടിലേക്ക്. .......**

**(വോയ്സ്)**

## കോട്ടയം (വോയിസ്)

PRIUTVPM

കോട്ടയം ജില്ലയിൽ വോട്ടെടുപ്പ് പൊതുവേ സമാധാനപരമായിരുന്നു. ജില്ലയിൽ അക്രമസംഭവ ങ്ങളോ, മറ്റ് പ്രശ്നങ്ങളോ റിപ്പോർട്ട് ചെയ്തിട്ടില്ല. പുതുപ്പള്ളി മണ്ഡലം ആറുമാനൂർ ഗവണ്മെന്റ് സ്കൂളിലെ എട്ടാം നമ്പർ ബൂത്തിൽ വോട്ടിങ്ങ് യന്ത്രത്തിന് തകരാറുണ്ടായതായി റിപ്പോർട്ട് ചെയ്തെങ്കിലും പ്രശ്നം വേഗത്തിൽ പരിഹരിച്ച് പോളിങ്ങ് പുനരാരംഭിച്ചു. 9 നിയോജക മണ്ഡലങ്ങളിലായി 1,791 പോളിംഗ് ബൂത്തുകളാണ് ജില്ലയിൽ ക്രമീകരിച്ചിരുന്നത്. വോട്ടർമാരുടെ ഭാഗത്തു നിന്നുള്ള മികച്ച പങ്കാളിത്തമാണ് രാവിലെ മുതൽ മിക്ക ബൂത്തുകളിലും കാണാനായത്.

**********************************

## പ്രമുഖർ - വോട്ടിംഗ്

വോട്ടെടുപ്പ് ആരംഭിച്ച ആദ്യ മണിക്കൂറുകളിൽ തന്നെ സ്ഥാനാർത്ഥികളടക്കമുള്ള പ്രമുഖർ വോട്ട് രേഖപ്പെടുത്തി. ഗവർണ്ണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ തിരുവനന്തപുരം ജവഹർനഗർ എൽ പി സ്കൂളിൽ വോട്ടു ചെയ്തു . എൽഡിഎഫ് സ്ഥാനാർത്ഥിയും മുഖ്യമന്ത്രിയുമായ പിണറായി വിജയൻ പിണറായി ആർസി അമല ബേസിക് യു പി സ്കൂളിൽ വോട്ട് രേഖപ്പെടുത്തി. പ്രതിപക്ഷ നേതാവും യുഡിഎഫ് സ്ഥാനാർത്ഥിയുമായ വിഡി സതീശൻ പറവൂർ കേസരി കോളജിലാണ് വോട്ടു ചെയ്തത്. കേന്ദ്രസഹമന്ത്രിയും ബിജെപി

RNU TVPM

നേതാവുമായ സുരേഷ് ഗോപി ഗുരുവായൂർ ദേവസ്വം ഇംഗ്ലീഷ് മീഡിയം സ്കൂളിൽ വോട്ട് ചെയ്തു. മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ തിരുവനന്തപുരം കവടിയാർ സൽവേഷൻ ആർമി സ്കൂളിൽ വോട്ട് രേഖപ്പെടുത്തി.

********************************

## നേതാക്കൾ പ്രതികരണം

വോട്ടെടുപ്പ് ദിനത്തിൽ വിജയ പ്രതീക്ഷ പങ്കുവച്ച് പ്രമുഖ നേതാക്കൾ. ജനങ്ങളാകെ എൽ ഡി എഫിന് ഒപ്പമാണെന്നും, സംസ്ഥാനത്ത് വികസനത്തിന് ഇടവേള ഉണ്ടാകരുതെന്നാണ് ജനങ്ങളുടെ ആഗ്രഹമെന്നും മുഖ്യമന്ത്രിയും എൽഡിഎഫ് സ്ഥാനാർത്ഥിയുമായ പിണറായി വിജയൻ കണ്ണൂരിൽ മാധ്യമങ്ങളോട് പറഞ്ഞു. നൂറിലധികം സീറ്റുകളുമായി യുഡിഎഫ് അധികാരത്തിലെത്തുമെന്നും, രാഷ്ട്രീയ ബോധ്യത്തിൻറെ അടിസ്ഥാനത്തിലാണ് കേരള ജനത വോട്ട് ചെയ്യുന്നതെന്നും പ്രതിപക്ഷനേതാവും യുഡിഎഫ് സ്ഥാനാർത്ഥിയുമായ വി.ഡി സതീശൻ പറവൂരിൽ പറഞ്ഞു. ഈ തിരഞ്ഞെടുപ്പോടെ ബിജെപി സംസ്ഥാനത്തെ നിർണായക ശക്തിയായി മാറുമെന്ന് ബിജെപി സംസ്ഥാന അധ്യക്ഷനും, എൻഡിഎ സ്ഥാനാർത്ഥിയുമായ രാജീവ് ചന്ദ്രശേഖർ തിരുവനന്തപുരത്ത് മാധ്യമങ്ങളോട് ചൂണ്ടിക്കാട്ടി.

RNJ TVPM

******************************

## വോട്ടർ - മരണം

തൃശൂർ വാണിയംപാറയിൽ വോട്ട് ചെയ്ത് പുറത്തിറങ്ങിയ ആൾ കുഴഞ്ഞുവീണു മരിച്ചു. വാണിയംപാറ E.K.M.U.P സ്കൂളിൽ വോട്ട് ചെയ്ത രാമൻചിറ പാമ്പുങ്ങൽ വീട്ടിൽ വിനോദ് ആണ് മരിച്ചത്. കുഴഞ്ഞു വീണ ഉടൻ തന്നെ തൃശ്ശൂർ ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും ജീവൻ രക്ഷിക്കാൻ കഴിഞ്ഞില്ല.

******************************

RNU TVPM

## കള്ളവോട്ട്- ജില്ലകൾ

സംസ്ഥാനത്ത് വിവിധ ഇടങ്ങളിൽ കള്ളവോട്ട് നടന്നതായി
പരാതി. എറണാകുളം പള്ളുരുത്തിയിലെ 152-ാംം ബൂത്തിലും, പത്തനംതിട്ട കവിയൂരിലെ 84-ാംം നമ്പർ ബൂത്തിലുമാണ് പരാതി ഉയർന്നത്. മറ്റാരോ വോട്ട് ചെയ്തെന്ന് ഉദ്യോഗസ്ഥർ അറിയിച്ചതായി വോട്ടർമാർ അറിയിക്കുകയായിരുന്നു. പിന്നീട് ഇവരെ ടെൻഡർ വോട്ട് ചെയ്യാൻ അനുവദിച്ചു. തൃശൂർ വടക്കാഞ്ചേരിയിലും സമാന പരാതി ഉയർന്നു. പോസ്റ്റൽ വോട്ട് ചെയ്തതായി കണ്ടെത്തിയതിനെ തുടർന്ന്, വടക്കാഞ്ചേരി സ്വദേശി സജീവ് വോട്ട് ചെയ്യാനാകാതെ മടങ്ങുകയായിരുന്നു. ആറന്മുള

ഇലന്തൂർ 154 ആം നമ്പർ ബൂത്തിലും കള്ളവോട്ട് ഉണ്ടായതായി പരാതി ഉയർന്നിട്ടുണ്ട്. തന്റെ വോട്ട് മറ്റാരോ ചെയ്തതായി അർച്ചന രവീന്ദ്രൻ എന്ന വോട്ടർ പരാതിപ്പെട്ടതിനെ തുടർന്ന് ടെൻഡർ വോട്ടിന് അനുവാദം നൽകുകയായിരുന്നു.

******************************

## വോട്ട് ചെയ്തു - അക്ഷയ

വിരലിൽ മുറിവുമായി എത്തിയ തൃശൂർ കണ്ണംകുളങ്ങര സ്വദേശിനി അക്ഷയ നാലര മണിക്കൂറുകൾ നീണ്ട കാത്തിരിപ്പിനോടുവിൽ വോട്ട് ചെയ്തു മടങ്ങി. ഇടത്തെ കൈയിലെ ചൂണ്ടുവിരലിൽ മുറിവായതുകൊണ്ട് മഷി പതിപ്പിക്കാൻ ആകില്ലെന്ന് ചൂണ്ടിക്കാട്ടിയാണ് പ്രിസൈഡിംഗ് ഓഫീസർ വോട്ട് രേഖപ്പെടുത്തുന്നതിൽ തടസ്സം ഉന്നയിച്ചത്. ഒന്നരയോടെ ബൂത്തിലെത്തിയ യുവതിക്ക് 6 മണിയോടെയാണ് വോട്ടുചെയ്യാൻ സാധിച്ചത്.

RNUTVPM

******************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്......

(ബ്രേക്ക്)

******************************

## കന്നിവോട്ട് - ഹൽവ

നിയമസഭ തിരഞ്ഞെടുപ്പിൽ കന്നി വോട്ട് ചെയ്യാനെത്തുന്നവരെ ഹൽവ നൽകി വരവേറ്റ് തിരഞ്ഞെടുപ്പ് കമ്മീഷൻ. ഓരോ മണ്ഡലത്തിലെയും തിരഞ്ഞെടുത്ത ബൂത്തുകളിലാണ് ആദ്യമായി വോട്ട് ചെയ്യുന്നവർക്ക് മധുരം നൽകിയത്. കന്നി വോട്ടർമാരുടെ പങ്കാളിത്തം വർധിപ്പിക്കാനും അവരെ അഭിനന്ദിക്കാനുമായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ പ്രഖ്യാപിച്ച 'വോട്ട് സ്വീറ്റൻഡ് കേരള' ക്യാമ്പയിന്റെ ഭാഗമായി ആയിരുന്നു മധുരവിതരണം.

********************************

PNU TVPM

## വിദേശ സംഘം - കൺട്രോൾ റൂം

നിയമസഭാ തിരഞ്ഞെടുപ്പ് നിരീക്ഷിക്കുന്നതിനായി വിവിധ വിദേശ രാജ്യങ്ങളിൽ നിന്നും എത്തിയ സംഘം ഇന്ന് തിരുവനന്തപുരം ജില്ലയിലെ വെബ് -കാസ്റ്റിങ് കൺട്രോൾ റൂം സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി. കേരളത്തിൽ വോട്ടെടുപ്പ് വളരെ സുതാര്യമായും അച്ചടക്കത്തോടെയുമാണ് നടക്കുന്നതെന്നും വോട്ടെടുപ്പിൽ യുവാക്കളുടെ പങ്കാളിത്തം ഉറപ്പാക്കാൻ മികച്ച പരിശ്രമം ഉണ്ടായിട്ടുണ്ടെന്നും സംഘാംഗങ്ങൾ പറഞ്ഞു. സിയേറലിയോൺ , സമോവ, സീഷെൽസ് അൽബേനിയ എന്നീ

രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളാണ് സംഘത്തിലുള്ളത്.

******************************

## അസം, പുതുച്ചേരി-തിരഞ്ഞെടുപ്പ്

കേരളത്തിന് പുറമേ അസമിലും പുതുച്ചേരിയിലും ഇന്ന് വോട്ടെടുപ്പ് നടന്നു. 30 നിയമസഭാ മണ്ഡലങ്ങളുള്ള പുതുച്ചേരിയിൽ അഞ്ച് മണി വരെയുള്ള കണക്കുകൾ പ്രകാരം 86.92 ശതമാനം പോളിംഗ് രേഖപ്പെടുത്തി. മാഹിയിൽ 72.36 ശതമാനമാണ് പോളിങ്ങ്. അസമിൽ 5 മണി വരെയുള്ള കണക്കുകൾ പ്രകാരം, 84.42 ശതമാനം പോളിംഗാണ് രേഖപ്പെടുത്തിയത്. മെയ് നാലിനാണ് പുതുച്ചേരിയിലും, അസമിലും വോട്ടെണ്ണൽ.

RNU TVPM

******************************

## ഉപതിരഞ്ഞെടുപ്പ്

കർണാടക, നാഗാലാൻഡ്, ത്രിപുര എന്നീ മൂന്ന് സംസ്ഥാനങ്ങളിലെ 4 നിയമസഭാ മണ്ഡലങ്ങളിലേക്കുള്ള ഉപതെരഞ്ഞെടുപ്പും ഇന്ന് നടന്നു. കർണാടകയിലെ ബഗൽകോട്ട്, ദാവൺഗരെ സൗത്ത് മണ്ഡലങ്ങളിലും, നാഗാലാൻഡിലെ കൊരിഡാങ്, ത്രിപുരയിലെ ധർമ്മനഗർ മണ്ഡലങ്ങളിലുമാണ് ഇന്ന് ഉപതിരഞ്ഞെടുപ്പ് നടന്നത്.

********************************

## തമിഴ്നാട് - നാമനിർദ്ദേശ പത്രിക

ഈ മാസം 23 ന് വോട്ടെടുപ്പ് നടക്കുന്ന തമിഴ്നാട്ടിൽ നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി ഇന്ന് അവസാനിച്ചു. പശ്ചിമബംഗാളിൽ ഒന്നാംഘട്ട തിരഞ്ഞെടുപ്പിനായുള്ള പത്രിക പിൻവലിക്കാനുള്ള അവസാന ദിനവും, രണ്ടാംഘട്ട തിരഞ്ഞെടുപ്പിനായി പത്രിക സമർപ്പിക്കാനുള്ള അവസാന ദിനവും ഇന്നായിരുന്നു. ഈ മാസം 23, 29 തീയതികളിലാണ് പശ്ചിമബംഗാളിൽ വോട്ടെടുപ്പ്.

********************************

## അന്തർ മന്ത്രാലയ വാർത്താസമ്മേളനം

PNU TVPM

രാജ്യത്ത് ഗാർഹിക എൽപിജി വിതരണം പൂർണ തോതിൽ ഉറപ്പാക്കുന്നതായി പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയ ജോയിന്റ് സെക്രട്ടറി സുജാത ശർമ്മ . അമ്പത്തിയൊന്ന് ലക്ഷത്തിലധികം എൽപിജി സിലിണ്ടറുകൾ ഇന്നലെ മാത്രം വിതരണം ചെയ്തതായും ശ്രീമതി സുജാത ശർമ്മ വ്യക്തമാക്കി. രാജ്യത്ത് അവശ്യ മരുന്നുകളുടെ തടസ്സരഹിത വിതരണം ഉറപ്പാക്കാൻ, ബന്ധപ്പെട്ട വകുപ്പുകൾ
ഏകോപിപ്പിച്ച് പ്രവർത്തിക്കുന്നതായും മരുന്നുകൾക്ക് വില വർധന ഉണ്ടായിട്ടില്ലെന്നും ഫാർമസ്യൂട്ടിക്കൽസ് വകുപ്പ് അറിയിച്ചു. ഇന്ത്യൻ പതാക വഹിച്ച എൽപിജി കപ്പൽ ഗ്രീൻ ആശ ഹോർമുസ് കടലിടുക്ക് കടന്ന് സുരക്ഷിതമായി മുംബൈയിലെത്തിയതായി ഷിപ്പിംഗ് മന്ത്രാലയം വ്യക്തമാക്കി.

RNUTVPM

*******************************

## ശബരിമല (ഇൻട്രോ)

മേടം, വിഷുപൂജകൾക്കായി ശബരിമല ക്ഷേത്രനട നാളെ വൈകിട്ട് അഞ്ചിനു തുറക്കും. വിഷു ദിനത്തിൽ പുലർച്ചെ നാലിനു നട തുറന്ന് വിഷുക്കണി ദർശനവും വിഷുക്കൈനീട്ടവും നടക്കും.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ......**

(വോയ്സ്)

*******************************

## ഐപിഎൽ ക്രിക്കറ്റ്

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് ലഖ്നൗ സൂപ്പർ ജയന്റ്സിനെ നേരിടും. രാത്രി 7.30 ന് കൊൽക്കത്തയിലെ ഈഡൻ ഗാർഡൻസിലാണ് മത്സരം. ഐഎസ്എൽ ഫുട്ബോളിൽ ജംഷഡ്പുർ എഫ് സി ഇന്ന് മുംബൈ സിറ്റിയെ നേരിടും. രാത്രി 7.30 നാണ് മത്സരം.

*******************************

## ഏഷ്യൻ ബോക്സിംഗ്

ഏഷ്യൻ ബോക്സിംഗ് ചാമ്പ്യൻഷിപ്പിൽ ചരിത്രനേട്ടവുമായി ഇന്ത്യൻ വനിതകൾ. മൂന്ന് സ്വർണ്ണവും ഒരു വെള്ളിയും ഇന്ത്യ ഇന്ന് സ്വന്തമാക്കി. മംഗോളിയയിൽ നടന്ന മത്സരത്തിൽ 48 കിലോ വിഭാഗത്തിൽ മിനാക്ഷി ഹൂഡയും 54 കിലോ വിഭാഗത്തിൽ പ്രീതി പവാറും 60 കിലോ വിഭാഗത്തിൽ പ്രിയ ഗംഗസുമാണ് സ്വർണ്ണം നേടിയത്. 57 കിലോ വിഭാഗത്തിൽ ജയ്സ്മിൻ വെള്ളി മെഡൽ നേടി.

*******************************

## ഓഹരി, സ്വർണം

RNU TVPM

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം . സെൻസെക്സ് 931 പോയിന്റ് താഴ്ന്ന് 76,632 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 222 പോയിന്റ് നഷ്ടത്തിൽ 23,775 ലും വ്യാപാരം അവസാനിപ്പിച്ചു .
സ്വർണ്ണ വില കുറഞ്ഞു . പവന് 1,720 രൂപ താഴ്ന്ന് ഒരു ലക്ഷത്തി 11,080 രൂപയും ഗ്രാമിന് 13,885 രൂപയുമാണ് ഇന്നത്തെ വില .

*******************************

## കേരളം-താപനില

സംസ്ഥാനത്ത് ഇന്നും നാളെയും താപനില ഉയരാൻ സാധ്യത. പാലക്കാട് ജില്ലയിൽ താപനില 39 °C വരെയും, കൊല്ലം, പത്തനംതിട്ട, കോഴിക്കോട് ജില്ലകളിൽ 37°C വരെയും ഉയരാൻ സാധ്യതയുണ്ട്. കോട്ടയം, ആലപ്പുഴ, തൃശൂർ, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ താപനില 36°C വരെ ഉയർന്നേക്കാം എന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

RNU TVPM

*******************************

## ഇടിമിന്നൽ ജാഗ്രതാനിർദ്ദേശം

കേരളത്തിൽ ശനിയാഴ്ച വരെ ഇടിമിന്നലോടുകൂടിയ ഒറ്റപ്പെട്ട മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇടിമിന്നൽ സാധ്യത മനസ്സിലാക്കാൻ പൊതുജനങ്ങൾക്ക് കേന്ദ്രകാലാവസ്ഥാ വകുപ്പ്

തയ്യാറാക്കിയ ദാമിനി മൊബൈൽ ആപ്പ് ഉപയോഗിക്കാവുന്നതാണ്.

******************************

## പിഐബി വസ്തുതാ പരിശോധന വിഭാഗം

ഇറാനിലെ ചബഹാർ തുറമുഖത്ത് ആക്രമണം നടത്താൻ ഇസ്രായേൽ യുദ്ധവിമാനങ്ങൾക്ക് ഗുജറാത്തിലെ നാലിയ വ്യോമതാവളം ഇന്ധനവും മറ്റു സഹായങ്ങളും നൽകിയെന്ന പ്രചാരണം വസ്തുതാ വിരുദ്ധമെന്ന് പിഐബി വസ്തുതാ പരിശോധന വിഭാഗം. പാകിസ്ഥാൻ അക്കൗണ്ടുകളിലൂടെ നടത്തുന്ന ബോധപൂർവമായ വ്യാജ പ്രചാരണമാണിതെന്നും ഇത്തരം അടിസ്ഥാനരഹിതമായ വാർത്തകൾ പങ്കുവെക്കരുതെന്നും കേന്ദ്ര സർക്കാർ ജനങ്ങളോട് അഭ്യർത്ഥിച്ചു.

************************************************************

******************************

RNU TVPM